## പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ( ഹയർ സെക്കണ്ടറി വിഭാഗം )
## നടപടി ക്രമം.

**ഹാജർ : ശ്രീ.ജീവൻബാബു.കെ ഐ.എ.എസ്**

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗം ഏകജാലക പ്രവേശനം 2021-22, മാനേജ്മെൻറ് തർക്കമോ/കോടതി കേസോ നിലവിലുള്ള, കണ്ണൂർ ജില്ലയിലെ തളിപറമ്പ് സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് പ്രവേശനം നടത്തുന്നതുമായി ബന്ധപ്പെട്ട ഉത്തരവ്.

---

ഉത്തരവ് നമ്പർ : ഐ.സി.റ്റി സെൽ/1771/1/ഡി.ജി.ഇ-എച്ച്.എസ്സ്.ഇ/2021 തീയതി 13/10/2021

---

സൂചന: 1) സ.ഉ.(സാധാ) നം. 3667/2021/പൊ.വി.വ, തിരുവനന്തപുരം തീയതി 12/08/2021
2) ഡബ്ല്യു.പി.(സി.) നം. 19978/2021, ഡബ്ല്യു.പി.(സി.) നം. 19290/2021 നമ്പർ കേസ്
3) ഡബ്ല്യു.പി.(സി.) നം. 19290/2021 ൻെറ 16/09/2021 ലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ്.
4) ഐ.സി.റ്റി സെൽ/1771/ഡി.ജി.ഇ-എച്ച്.എസ്സ്.ഇ/2021 തീയതി 03/09/2021

## ഉത്തരവ്

സൂചന 3 ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഇരുകക്ഷികളേയും ഹിയറിങ്ങ് നടത്തി തീരുമാനമെടുക്കാൻ ഉത്തരവായതിൻെറ അടിസ്ഥാനത്തിൽ ഇരുകക്ഷികളേയും 05/10/2021 ൽ ഓൺലൈനായി ഹിയറിങ്ങ് നടത്തുകയുണ്ടായി.

തളിപ്പറമ്പ് ഡി.ഇ.ഓ യുടെ റിപ്പോർട്ട് പ്രകാരം സ്കൂൾ മാനേജരുടെ കാലാവധി 11-05-2016ൽ തീർന്നുവെങ്കിലും അതിനു ശേഷം അംഗീകൃത ബൈലോ വ്യവസ്ഥകൾ പ്രകാരം തെരഞ്ഞെടുപ്പ് നടത്തി പുതിയ ഒരു മാനേജരെ അവതരിപ്പിക്കുവാൻ മാനേജ്മെൻറ് കമ്മിറ്റിയ്ക്ക് സാധിച്ചിട്ടില്ല. ബഹു: ഹൈക്കോടതിയെ സമീപിച്ച ഇരു കക്ഷികളെയും അവർ സമർപ്പിച്ച രേഖകളും വിലയിരുത്തിയതിൽ, മാനേജിങ്ങ് കമ്മിറ്റിയിൽ തർക്കങ്ങൾ നിലനിൽക്കുന്നതായി വ്യക്തമാണ്.

അംഗീകൃത ബൈലോ പ്രകാരം, തർക്കങ്ങൾക്ക് ഇടവില്ലാത്ത വിധം ഒരു വ്യക്തിയെ മാനേജർ ആയി തെരെഞ്ഞെടുത്ത്, വകുപ്പ് തലത്തിൽ അംഗീകരിച്ച് നേടുകയെന്നത് കമ്മിറ്റിയുടെ പരമ പ്രധാനമായ ഉത്തരവാദിത്തമാണ്. ആയതിനാൽ കമ്മിറ്റിക്ക് വീഴ്ചാ പറ്റിയിട്ടുള്ളതും, ഒരു കെയർ ടേക്കർ മാനേജ്മെൻറ് അനന്തമായി നിലനിർത്തുന്നതും കെ.ഇ.ആർ വ്യവസ്ഥകൾക്ക് അനുസൃതമല്ല.

ഈ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ സ്കൂളിനെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/09/2021 ലെ സൂചന 4 ഉത്തരവിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്ന് കാണുന്നു. ആയതിനാൽ സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ സ്കൂളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് സപ്ലിമെൻററി അലോട്ട്മെൻറിൽ പ്രവേശനം നടത്തുന്നതിനായി ഉത്തരവാകുന്നു.

ഇത്തരത്തിൽ സൂചന 3 ബഹു: കേരള ഹൈക്കോടതി ഇടക്കാല ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ